ഉത്തരം

(എ-സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഡി) സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ, മറ്റു സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയത് കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്.

ചെലവ് ചുരുക്കൽ പദ്ധതി

7 (391) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഭരണനാവിൽ നിന്നും അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും ചെലവ് ചുരുക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ പദ്ധതിക്കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് എത്ര ശതമാനമായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണോ, കുറവാണോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെലവുകൾ പരമാവധി കുറയ്ക്കുവാൻ വേണ്ടി തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് കൂടാതെ ഫോൺ, ഇന്ധനം, ആഫീസ് ചെലവുകൾ തുടങ്ങിയവയെല്ലാം നിയന്ത്രിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും ഉത്തരവുകളും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ പദ്ധതിക്കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് 1980-81 സ്ഥിരവിലനിലവാരമനുസരിച്ച് 6.4 ശതമാനം ആയിരുന്നു.

(ഡി) ഇത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടേതൊഴിച്ച് മറ്റ് സംസ്ഥാനങ്ങളുടേതിനേക്കാൾ കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly